'55959/2022

പിന്നാക്ക വിഭാഗ വികസന വകുപ്പ്
കൊല്ലം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
റ്റി.കെ മാധവൻ മെമ്മോറിയൽ ബിൽഡിംഗ്
മുണ്ടയ്ക്കൽ, കൊല്ലം 691001, ഫോൺ 0474 2914417
ഇമെയിൽ - bcddklm@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in

**BCDKLM/39/2022-A1** തീയതി :17-08-2022

## ക്വട്ടേഷൻ നോട്ടീസ്

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ കൊല്ലം മേഖലാ ആഫീസിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി 2 വർഷ കാലയളവിലേക്ക് Swift Dzire/Toyota Etios/ Maruti Ciaz സമാന മോഡൽ കാർ, ഡ്രൈവർ ഉൾപ്പെടെ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഓടുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ട്രാവൽ ഏജൻസികൾ/ വാഹന ഉടമകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു.

### നിബന്ധനകൾ

1. കോൺട്രാക്ട് അടിസ്ഥാനത്തിൽ ഓടുന്ന വാഹനം എപ്പോഴും നല്ല കണ്ടീഷനിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ വാഹനം ഓടിക്കുന്ന ഡ്രൈവർമാർ നല്ല പരിചയ സമ്പന്നരായിരിക്കണം.
2. പ്രസ്തുത വാഹനം BS4 സ്റ്റാൻഡേർഡ് ആയിരിക്കണം
3. വാഹന ഉടമകൾ വാഹനത്തിന്റെ ആർ.സി ബുക്ക്, പുക പരിശോധന സർട്ടിഫിക്കറ്റ് തുടങ്ങി എല്ലാ രേഖകളുടേയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ക്വൊട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്. പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവശ്യപ്പെടുമ്പോൾ അസ്സൽ രേഖകൾ ഹാജരാക്കേണ്ടതാണ്.
4. ഡ്രൈവർമാർക്ക് നിർബന്ധമായും ലൈസൻസും സ്ഥിരമായ മേൽ വിലാസവും മൊബൈൽ ഫോണും ഉണ്ടായിരിക്കേണ്ടതാണ്. അത് പിന്നാക്ക വിഭാഗ വികസന വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്. ഡ്രൈവർക്കെതിരെ ക്രിമിനൽ കേസുകളൊന്നും നിലവിൽ ഉണ്ടായിരിക്കരുത്.
5. പ്രതിമാസം കുറഞ്ഞ ദൂരമായ 2000 കി.മീറ്ററിനുള്ള തുകയും അതിനു ശേഷമുള്ള ഓരോ അധിക കിലോമീറ്ററിനുള്ള തുകയും ജില്ലയ്ക്ക് പുറത്ത് രാത്രി ഹാൾട്ട് ചെയ്യുന്നതിന് ഡ്രൈവർ ബാറ്റ തുകയുമാണ് ക്വൊട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.
6. ക്വൊട്ടേഷൻ നോട്ടീസിനോടൊപ്പം അനുബന്ധമായി വെച്ചിട്ടുള്ള ഫാറത്തിൽ / സ്ഥാപനത്തിന്റെ ഫോർമാറ്റിൽ റേറ്റ് രേഖപ്പെടുത്തി നൽകേണ്ടതാണ്.
7. സർക്കാർ സ്ഥാപനങ്ങൾക്കായി കോൺട്രാക്ട് അടിസ്ഥാനത്തിൽ വാഹനം നൽകിയിട്ടുള്ളവർ / ഏജൻസികൾ പ്രസ്തുത വിവരം അറിയിക്കേണ്ടതാണ്.
8. ക്വട്ടേഷൻ സീൽ ചെയ്ത കവറിൽ ക്വട്ടേഷൻ നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തി "*മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, റ്റി.കെ മാധവൻ മെമ്മോറിയൽ ബിൽഡിംഗ്, മുണ്ടയ്ക്കൽ, കൊല്ലം - 691001* " എന്ന വിലാസത്തിൽ 26.08.2022 ന് 2 pm ന് മുമ്പായി നേരിട്ടോ തപാൽ മുഖേനയോ ലഭ്യമാക്കേണ്ടതാണ്. കവറിന്റെ മുകളിൽ " കോൺട്രാക്ട് കാർ വാടകയ്ക്കുള്ള ക്വട്ടേഷൻ " എന്ന് എഴുതിയിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം 3 pm ന് ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന

ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

9. ക്വട്ടേഷനുകൾ സ്വീകരിക്കുവാനും നിരസിക്കുവാനുമുള്ള അധികാരം കൊല്ലം മേഖലാ ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമാണ്.

10. പിന്നാക്ക വിഭാഗ വികസന വകുപ്പിലെ ജീവനക്കാരിൽ ആരെങ്കിലുമായി ബന്ധമുണ്ടെങ്കിൽ ആ വിവരം ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്

വിശ്വസ്തതയോടെ,

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ

**Regional Deputy Director**
Backward Classes Development Department
T.K. Madhavan Memorial Building
Mundakkal, Kollam-691 001

വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

നോട്ടീസ് ബോർഡ്

പബ്ലിക് ഇൻഫർമേഷൻ ആഫീസർ, കൊല്ലം

കരുതൽ/അധികം

# അനുബന്ധം

പിന്നാക്ക വിഭാഗ വികസന വകുപ്പ് കൊല്ലം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിന് വാഹനം വാടകയ്ക്ക് നൽകുന്നതിനുള്ള ക്വട്ടേഷൻ നിരക്ക്

| കാറിന്റെ വിവരം ( BS4 മോഡൽ) | മാസത്തിൽ കുറഞ്ഞ ദൂരമായ 2000 കി.മീറ്ററോ അതിൽ കുറവോ (രൂപയിൽ) | മാസത്തിൽ 2000 കി.മീറ്ററിന് മുകളിലുള്ള ഓരോ കി.മീറ്ററിനും (രൂപയിൽ) | 10 മണിക്കൂറിന് ശേഷമുള്ള ഓരോ അധിക മണിക്കൂറിനും (രൂപയിൽ) | ജില്ലയ്ക്ക് പുറത്ത് രാത്രി ഹാൾട്ട് ചെയ്യുന്നതിന് ഡ്രൈവർ ബാറ്റ |
|---|---|---|---|---|
| | | | | |